**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4428** **19-07-2022 - ൽ മറുപടിയ്ക്ക്**

**പട്ടിക ജാതി, പട്ടിക ഗോത്രവഗ്ഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീ. പി.പി. സുമോദ്** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പട്ടിക ജാതികളിലും പട്ടിക ഗോത്രവർഗ്ഗങ്ങളിലും ഉൾപ്പെട്ട വിദ്യാർത്ഥികൾക്ക് അവരുടെ താല്പര്യങ്ങൾക്ക് അനുസരിച്ചുള്ള വിദ്യാഭ്യാസ സൗകര്യം ലഭ്യമാക്കാൻ സാധ്യമായിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് പട്ടിക ജാതികളിലും പട്ടിക ഗോത്രവർഗ്ഗങ്ങളിലും ഉൾപ്പെട്ട വിദ്യാർത്ഥികൾക്ക് അവരുടെ താല്പര്യങ്ങൾക്ക് അനുസരിച്ചുള്ള വിദ്യാഭ്യാസ സൗകര്യം ലഭ്യമാക്കാൻ പരമാവധി പ്രവർത്തനം വകുപ്പിന്റെ ഭാഗത്ത് നിന്നുണ്ടായിട്ടുണ്ട് |
| (ബി) | ഈ വിഭാഗങ്ങളിൽ പെട്ട മിടുക്കരായ വിദ്യാർത്ഥികൾക്ക് വിദേശത്ത് ഉന്നത പഠനത്തിന് സഹായം നൽകി വരുന്നുണ്ടോ; രാജ്യത്തിന്റെ ഇതര ഭാഗങ്ങളിലുള്ള പ്രശസ്ത ദേശീയ സ്ഥാപനങ്ങളിൽ പ്രവേശനം നേടുന്നതിനും പഠനം നടത്തുന്നതിനു സാമ്പത്തിക സഹായം നൽകുന്നതിന് പദ്ധതിയുണ്ടോ; | (ബി) | വിദേശത്ത് Post Graduate/PhD course - കൾക്ക് ഉന്നത പഠനം നടത്തുന്നതിന് പട്ടികജാതി/പട്ടിക വർഗ വിദ്യാർത്ഥികൾക്ക് ഓവർസീസ് സ്കോളർഷിപ്പ് നൽകുന്നുണ്ട്. പരമാവധി 25ലക്ഷം രൂപയാണ് സ്കോളർഷിപ്പായി അനുവദിക്കുന്നത്. |
| (സി) | പട്ടിക ഗോത്രങ്ങളിൽപെട്ട തിരഞ്ഞെടുക്കപ്പെട്ട 50 വിദ്യാർത്ഥികൾക്ക് സിവിൽ സർവ്വീസ് പരിശീലനം നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; വിവിധ മത്സര പരീക്ഷകൾക്ക് എസ്.സി, എസ്.ടി വിദ്യാർത്ഥികളെ തയ്യാറാക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള പരിശീലന സൗകര്യങ്ങൾ അറിയിക്കാമോ? | (സി) | 40 പട്ടികവർഗ്ഗ വിദ്യാർത്ഥകളെ പ്രാഥമികമായി തെരഞ്ഞെടുത്ത് അവർക്ക് ഓറിയന്റേഷൻ ട്രെയിനിംഗ് നൽകി മികവ് തെളിയിക്കുന്ന 20 പേർക്ക് ഇന്ത്യയിലെ മികച്ച സിവിൽസർവീസ് പരിശീല കേന്ദ്രങ്ങളിൽ ദീർഘകാല പരിശീലനം നൽകി അവരെ സിവിൽസർവീസ് പരീക്ഷക്ക് സജ്ജരാക്കുന്നതിനുള്ള ലക്ഷ്യ പദ്ധതി ആരംഭിച്ചിട്ടുണ്ട്. പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥിക ഉദ്യോഗലബ്ധിക്കായുള്ള വിവിധ മത്സര പരീക്ഷകൾക്ക് പ്രാപ്തരാക്കുന്നതിന് വകുപ്പിന് കീഴിൽ മണ്ണന്തല-തിരുവനന്തപുരം, ആലുവ-എറണാകുളം, കുഴൽമന്ദം-പാലക്കാട്,കോഴിക്കോട് എന്നിവടങ്ങളിലായി നാലു പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ പ്രവർത്തിച്ചു വരുന്നു. തെരഞ്ഞെടുക്കപ്പെടുന്നവർക്ക് സ്റ്റൈപന്റോട്ടു കൂടി പരിശീലനം നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ